കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

## ആദിവാസി സാക്ഷരതാപദ്ധതി

# സാമൂഹ്യസാക്ഷരത വിഷയാധിഷ്ഠിത ചർച്ചയുടെ റിപ്പോർട്ട്

2018 ഏപ്രിൽ 25

title
Tribal Literacy Project:
Report on Social  Literacy Training for Tribal Instroctors
by
Kerala State Literacy Mission Authority
Published on
25th April 2018
Chief Editor
Dr.P.S.Sreekala, director, kslma
copyright: kerala state literacy mission authority
cover Design & layout
renjith puthenchira
published by
KERALA STATE LITERACY MISSION AUTHORITY
Tc no:27/1461, Kammattam Lane, Convent Road
vanchiyoor, Thiruvananthapuram-35
phone: 0471-2472253,2472254
email: stateliteracymission@gmail.com

# ഉള്ളടക്കം

| | | |
|---|---|---|
| 1. | ആമുഖം | 5 |
| 2. | ആദിവാസി സാക്ഷരതാപരിപാടി | 7 |
| 3. | ആദിവാസി ഇൻസ്ട്രക്ടർമാരുടെ സാമൂഹ്യസാക്ഷരതാപരിശീലനം | 11 |
| 4. | സാമൂഹ്യസാക്ഷരത വിഷയാധിഷ്ഠിത റിപ്പോർട്ട് | 14 |
| 5. | ശുപാർശ | 36 |

# ആമുഖം

കാടിന്റെ മക്കളെന്ന പേരിൽ പൊതുസമൂഹത്തിൽ നിന്ന് അദൃശ്യവൽക്കരിക്കപ്പെട്ട ഒരു വിഭാഗമാണ് ആദിവാസികൾ. ആദിമനിവാസികളുടെ തുടർച്ചയായ ഈ ജനതയ്ക്ക് ലോകത്തെവിടെയും മനുഷ്യാവകാശം നിഷേധിക്കപ്പെടുന്നു.

കേരളത്തിലെ ജനസംഖ്യയിൽ 1.14 ശതമാനമാണ് ആദിവാസികൾ. സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി കേരളത്തിന്റെ അഭിമാനകരമായ നേട്ടങ്ങളൊന്നും അനുഭവിക്കാനായിട്ടില്ലാത്ത സമൂഹമാണിത്. നവകേരളം ലക്ഷ്യമാക്കുന്ന കേരളസർക്കാർ ഈ അവസ്ഥ മാറ്റിത്തീർക്കാനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആദിവാസിക്ഷേമപദ്ധതികൾ കാര്യക്ഷമമാക്കുന്നതിലും പുതിയ പദ്ധതികൾ ഇവർക്കായി ആസൂത്രണം ചെയ്യുന്നതിലും ആത്മാർത്ഥമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സമൂഹത്തിന്റെ പിന്നാക്കാവസ്ഥ പരിഹരിക്കാൻ സാക്ഷരതാമിഷൻ നടപ്പിലാക്കുന്ന അനൗപചാരികവിദ്യാഭ്യാസപദ്ധതികൾ ഇതിന്റെ ഭാഗമാണ്.

ഏറ്റവും കൂടുതൽ ആദിവാസികളുള്ള വയനാട്ടിലും പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലും സാക്ഷരതാമിഷൻ സാക്ഷരതാ തുടർവിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസനവകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്ത് നൂറു ഊരുകളിൽ 'സമഗ്ര' എന്ന സാക്ഷരതാ തുടർവിദ്യാഭ്യാസ പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഇവയിൽ ഇൻസ്ട്രക്ടർ/പ്രേരക്മാരായി ആദിവാസികളെത്തന്നെ നിയോഗിച്ചുകൊണ്ട് ആ വിഭാഗത്തിന്റെ ശാക്തീകരണത്തിന് ആക്കം കൂട്ടുകയാണ്.

ഈ മൂന്നു പദ്ധതിയിലെയും പ്രേരക്മാരുടെയും ഇൻസ്ട്രക്ടർമാരുടെയും സഹായത്തോടെ സാമൂഹ്യസാക്ഷരതാ പരിപാടികൾ കൂടി ഊരുകളിൽ നടപ്പാക്കാനാണ് സാക്ഷരതാമിഷൻ ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസത്തിന് തുടർച്ചയുണ്ടാവണം. അതിന് വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടണം. വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കുന്ന അറിവ് ജീവിതത്തിൽ പ്രയോഗിക്കാനും പ്രയോജനപ്പെടുത്താനും കഴിയണം. അതിന് സാമൂഹ്യസാക്ഷരത അനിവാര്യമാണ്. ഈ ഉദ്ദേശ്യത്തോടെയാണ് സാമൂഹ്യസാക്ഷരതാ പരിപാടി നടപ്പിലാക്കുന്നത്. അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് കേരളം മാതൃകയാകുന്ന ഈ പ്രവർത്തനത്തിലൂടെ പാർശ്വവൽകൃതർ നവകേരളസൃഷ്ടിയിൽ പങ്കാളികളാവുകയാണ്.

ആദിവാസികൾക്ക് അവർ ആഗ്രഹിക്കുന്ന ജീവിതം ജനാധിപത്യപരമായി അനുഭവിക്കാൻ കഴിയുന്ന സ്ഥിതി രൂപപ്പെടുത്തുകയാണ് ലക്ഷ്യം. തനത് സംസ്കാരസംരക്ഷണത്തിന്റെയും മുഖ്യധാരാവൽക്കരണത്തിന്റെയും പേരിലുൾപ്പെടെ അവരെ ചൂഷണവിധേരാക്കുന്ന അവസ്ഥയ്ക്ക് പരിഹാരവുമാണ് ഈ വിദ്യാഭ്യാസപദ്ധതി.

ആദിവാസി സാക്ഷരതാപദ്ധതിയുടെ ഭാഗമായി നടത്തിയ സാമൂഹ്യസാക്ഷരതാപരിശീലനത്തിൽ ഉയർന്നുവന്ന ഗ്രൂപ്പ് ചർച്ചയുടെ ക്രോഡീകരണവും സാക്ഷരതാമിഷന്റെ ശുപാർശയും ഉൾപ്പെടുന്ന ഈ റിപ്പോർട്ട് ബഹു.കേരള മുഖ്യമന്ത്രിക്ക് സമർപ്പിച്ചുകൊള്ളുന്നു.

ഡോ. പി.എസ്. ശ്രീകല
ഡയറക്ടർ
കേരള സംസ്ഥാന
സാക്ഷരതാമിഷൻ അതോറിറ്റി

# 1

# ആദിവാസി സാക്ഷരതാപരിപാടി

ആദിവാസി വിഭാഗങ്ങളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനും അവർക്ക് തുടർവിദ്യാഭ്യാസത്തിന് അവസരം ഒരുക്കുന്നതിനും വേണ്ടി സാക്ഷരതാമിഷൻ ആവിഷ്ക്കരിച്ച പദ്ധതിയാണ് ആദിവാസി സാക്ഷരതാപരിപാടി. വയനാട് ജില്ലയിലും അട്ടപ്പാടിയിലും ആദിവാസി സാക്ഷരതാ തുല്യത പരിപാടികൾ നടന്നുവരുന്നു. ഇതോടൊപ്പം പട്ടികവർഗ്ഗവികസന വകുപ്പിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് തെരഞ്ഞെടുത്ത 100 ആദിവാസി ഊരുകളിൽ സമഗ്ര ആദിവാസി തുടർ വിദ്യാഭ്യാസപദ്ധതിയും നടന്നുവരുന്നു. ഇത് സംബന്ധിച്ചുള്ള സാമാന്യവിവരങ്ങൾ ചുവടെ ചേർക്കുന്നു.

## 1. വയനാട് ആദിവാസി സാക്ഷരതാ തുല്യതാപരിപാടി

മൊത്തം 8,17420 ആണ് വയനാട് ജില്ലയിലെ ജനസംഖ്യ. ഇതിൽ 1,51443 പേർ ആദിവാസികളാണ്. ജില്ലയിലെ സാക്ഷരത ശതമാനം 89.03 ആണെങ്കിലും ആദിവാസി വിഭാഗങ്ങളിലിത് 71 ശതമാനമാണ്.

വയനാട് സാക്ഷരതാതുല്യതാപരിപാടിയുടെ ആദ്യഘട്ടമെന്ന നിലയിൽ വയനാട് ജില്ലയിൽ ആകെയുള്ള 2975 ഊരുകളിലെ 300 ഊരുകളിൽ സാക്ഷരതാ ക്ലാസ് ആരംഭിച്ചു. തെരഞ്ഞെടുത്ത 300 ഊരുകളിലെ ആകെ ആദിവാസികളുടെ എണ്ണം 31,831 ആണ്. ഈ കോളനികളിൽ നടത്തിയ സർവേയിൽ ആകെ 9,751 നിരക്ഷരരെ കണ്ടെത്തി. ഇതിൽ 6044 പേർ സ്ത്രീകളാണ്. പുരുഷൻമാർ 3707. പണിയ, കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ടവരാണ് ഈ കോളനികളിൽ ഭൂരിഭാഗവും. നിരക്ഷരരിൽ 15 നും 50നും ഇടയിൽ പ്രായമുള്ളവർ 5474 പേരാണ്. 50 വയസിനു മുകളിൽ പ്രായമുള്ളവർ 4277. പദ്ധതിക്കായി തെരഞ്ഞെടുത്ത 600 ഇൻസ്ട്രക്ടർമാരിൽ 300 പേരും ആദിവാസി വിഭാഗങ്ങളിൽ നിന്നുള്ളവരാണ്. മൊത്തം 282 പഠനകേന്ദ്രങ്ങളിലായി ക്ലാസുകൾ നടന്നു. 4512 പഠിതാക്കൾ സാക്ഷരതാ പരീക്ഷ എഴുതി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തന പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി നിയോഗിച്ചത് സാക്ഷരതാ

## 2 അട്ടപ്പാടി ആദിവാസി സാക്ഷരതാതുല്യതാ പദ്ധതി

സാക്ഷരതാമിഷൻ അതോറിറ്റി മുഖേന പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ നടപ്പിലാക്കിയ അട്ടപ്പാടി സാക്ഷരതാപദ്ധതിയുടെ ഒന്നാംഘട്ടം 71 ആദിവാസി ഊരുകളിൽ നടപ്പിലാക്കി. സർവേയിലൂടെ 4060 നിരക്ഷരരെയാണ് കണ്ടെത്തിയത്. ഈ പദ്ധതിയിലൂടെ 63 ഊരുകളിൽ നിന്നുള്ള 1127 നിരക്ഷരരെ സാക്ഷരരാക്കുവാൻ സാക്ഷരതാമിഷന് കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന നിരക്ഷരരെക്കൂടി സാക്ഷരരാക്കുന്നതിനായി ഇതിന്റെ രണ്ടാം ഘട്ടം പദ്ധതി പ്രഖ്യാപനം 2017 മെയ് 7ന് അട്ടപ്പാടിയിൽ നടന്നു. ആകെയുള്ള 194 ഊരുകളിൽ 131 എണ്ണത്തിൽ സാക്ഷരതാക്ലാസുകൾ ആരംഭിച്ചു. ഒന്നാംഘട്ടം പൂർത്തിയാക്കിയ 63 ഊരുകളിൽ നാലാം തരം തുല്യതാക്ലാസുകൾ രണ്ടാംഘട്ടത്തിൽ ആരംഭിച്ചു. അട്ടപ്പാടിയിൽ 129 ഊരുകളിൽ സാക്ഷരതാക്ലാസുകൾ ആരംഭിച്ചു.

2418 പഠിതാക്കൾ സാക്ഷരതാക്ലാസിൽ പങ്കെടുത്തുവരുന്നു. 63 ഊരുകളിൽ നാലാംതരം തുല്യതാക്ലാസ് ആരംഭിച്ചു. 782 പഠിതാക്കൾ തുല്യതാക്ലാസിൽ പങ്കെടുത്തുവരുന്നു. ആദിവാസി വിഭാഗത്തിൽപ്പെട്ട 218 ഇൻസ്ട്രക്ടർമാർ സാക്ഷരതാതുല്യതാക്ലാസുകൾ നയിച്ചുവരുന്നു.



## 3. സമഗ്ര ആദിവാസി സാക്ഷരതാപരിപാടി



സംസ്ഥാനത്ത് ആദിവാസിവിഭാഗങ്ങളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനും അവരെ തുടർവിദ്യാഭ്യാസത്തിലൂടെ പുരോഗതിയിലേക്കെത്തിക്കുന്നതിനുമായി സംസ്ഥാന സാക്ഷരതാമിഷൻ പട്ടികവർഗ വികസനവകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര ആദിവാസി സാക്ഷരതാപദ്ധതി. സംസ്ഥാനത്ത് സാക്ഷരതാ നിലവാരം ഏറ്റവും കുറവെന്ന് പട്ടികവർഗ വികസനവകുപ്പ് കണ്ടെത്തിയ 100 ആദിവാസി ഊരുകളിൽ സാക്ഷരതാ തുല്യതാ പരിപാടി നടപ്പിലാക്കുന്ന പദ്ധതിയാണിത്.

### പദ്ധതി നടത്തിപ്പ് ഒറ്റനോട്ടത്തിൽ

ഊരുതല സാക്ഷരതാസമിതികൾ രൂപീകരിച്ചു. തിരഞ്ഞെടുത്ത ഊരുകളിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവേ നടത്തി. 2018 മാർച്ചിൽ സാക്ഷരതാ ക്ലാസുകൾ ആരംഭിച്ചു. പൊതുപരീക്ഷ, ഫലം പ്രസിദ്ധപ്പെടുത്തൽ, സർട്ടിഫിക്കറ്റ് വിതരണം എന്നിവ ജൂൺ മാസത്തിൽ നടക്കും. സാക്ഷരതാപരീക്ഷയിൽ വിജയിക്കുന്നവരെ സാക്ഷരതാമിഷന്റെ തുല്യതാ കോഴ്സുകളിലൂടെ ഉപരിപഠനത്തിന് അർഹരാക്കും.

ആദിവാസികൾ കൂടുതലുള്ള വയനാട്, പാലക്കാട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ ഊരുകളിൽ സാക്ഷരതാപരിപാടി നടത്തിവരുന്നത്. 25 ഊരുകൾ വീതം.

### പ്രേരക്മാരുടെ ചുമതല, തിരഞ്ഞെടുപ്പ്

പദ്ധതി നടപ്പിലാക്കുന്ന ഓരോ ഊരിലും ഓരോ പ്രേരകിനെ വീതമാണ് തിരഞ്ഞെടുത്തത്. പദ്ധതി പ്രദേശത്ത് ആരംഭിക്കുന്ന വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം, സാക്ഷരതാ- തുല്യതാ ക്ലാസ്, സാമൂഹ്യസാക്ഷരതാപരിപാടികളുടെ സംഘാടനം, ക്ലാസ് നയിക്കൽ എന്നിവയാണ് പ്രേരക്മാരുടെ ചു

മതല. ആദിവാസിവിഭാഗത്തിൽപ്പെട്ട പത്താംക്ലാസ് വിജയിച്ചവരെയാണ് പ്രേരക്മാരായി തിരഞ്ഞെടുത്തിരിക്കുന്നത്. ഇന്റർവ്യു ബോർഡ് രൂപീകരിച്ച് പ്രേരക്മാരെ തിരഞ്ഞെടുപ്പു നടത്തിയത് അതത് ഗ്രാമപഞ്ചായത്തുകളായിരുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ട്രൈബൽ ഡിപ്പാർട്ട്മെന്റ് പ്രതിനിധി, സാക്ഷരതാമിഷൻ ജില്ലാ കോർഡിനേറ്റർ.അസി.കോർഡിനേറ്റർ, ഊര് മൂപ്പൻ എന്നിവർ അടങ്ങിയതാണ് ഇന്റർവ്യുബോർഡ്.

ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തതോടെയാണ് സർവേ നടത്തിയത്. പദ്ധതി നടപ്പിലാക്കുന്ന ഓരോ ഊരുകളിലുമുള്ള ആകെ വീടുകളെ 30 വീതമുള്ള ഗ്രൂപ്പുകളായി തരംതിരിച്ചു അവിടെ ഏറ്റവും കുറഞ്ഞത് 5 അംഗങ്ങൾ വീതമുള്ള ടീം സന്ദർശിച്ച് സർവേ നടത്തുകയെന്ന രീതിയാണ് അവലംബിച്ചത്. സർവേ വിവരങ്ങൾ ക്രോഡീകരിക്കുന്നതിനായി സാക്ഷരതാമിഷൻ പ്രത്യേകം സോഫ്റ്റ്വെയർ രൂപകൽപന ചെയ്തു.

പദ്ധതിയുടെ മോണിറ്ററിംഗുമായി ബന്ധപ്പെട്ട് വിപുലമായ സംവിധാനങ്ങളാണ് ഒരുക്കിയത്. പദ്ധതി പ്രദേശത്തെ ആദിവാസി സാക്ഷരതാസമിതികൾ, പഞ്ചായത്ത്തല ആദിവാസി സാക്ഷരതാസമിതികൾ എന്നിവയ്ക്കു പുറമെ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സാക്ഷരതാമിഷന്റെ ജില്ലാ കോർഡിനേറ്റർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ, പ്രോജക്ട് ഡെവലപ്മെന്റ് ഓഫീസർ എന്നിവർ അംഗങ്ങളുമായ ജില്ലാതല ആദിവാസി സാക്ഷരതാസമിതികൾക്കും രൂപം നൽകും.

സാക്ഷരതാമിഷൻ ഡയറക്ടർ,പട്ടികവർഗ വികസനവകുപ്പ് ഡയറക്ടർ എന്നിവർ ഉൾപ്പെട്ട കോർ ഗ്രൂപ്പാകും സംസ്ഥാനതല മോണിറ്ററിംഗ് നടത്തുക. പദ്ധതി നടത്തിപ്പിന്റെ വിശകലനവുമായി ബന്ധപ്പെട്ട് പ്രാദേശിക ആദിവാസി സാക്ഷരതാസമിതികളുടെ പ്രതിമാസ യോഗം നടത്തിവരുന്നു. രണ്ടുമാസത്തിലൊരിക്കൽ ഗ്രാമപഞ്ചായത്തുതല ആദിവാസി സാക്ഷരതാസമിതി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്താനും തീരുമാനിച്ചു. ജില്ലാ സാക്ഷരതാമിഷനുകളെ നേതൃത്വത്തിൽ പ്രതിമാസ അവലോകനയോഗങ്ങൾ സംഘടിപ്പിക്കും. മോണിറ്ററിംഗിന്റെ ഭാഗമായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പഠനകേന്ദ്രങ്ങൾ സന്ദർശിച്ച് പഠിതാക്കൾക്ക് പിന്തുണയും പ്രോത്സാഹനവും നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ചു.



# 2

# ആദിവാസി ഇൻസ്ട്രക്ടർമാരുടെ സാമൂഹ്യസാക്ഷരതാപരിശീലനം

ആദിവാസികൾക്കിടയിലെ നിരക്ഷരത ഇല്ലാതാക്കാനും അവർക്ക് തുടർവിദ്യാഭ്യാസ അവസരം ഒരുക്കുവാനും സാക്ഷരതാമിഷൻ പ്രത്യേക പദ്ധതികൾ നടപ്പാക്കിവരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലും വയനാട് ജില്ലയിലും നടത്തിവരുന്ന സാക്ഷരതാതുല്യതാപരിപാടി, പട്ടികവർഗവികസന വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 100 ഊരുകളിൽ നടന്നുനടന്നുവരുന്ന സമഗ്ര ആദിവാസി തുടർവിദ്യാഭ്യാസപദ്ധതി എന്നിവയിൽ പ്രവർത്തിക്കുന്ന 350 ആദിവാസി ഇൻസ്ട്രക്ടർമാർക്കുവേണ്ടിയാണ് സാമൂഹ്യസാക്ഷരതാപരിശീലനം സംഘടിപ്പിച്ചത്. 2018 മാർച്ച് 24,25 തീയതികളിൽ തിരുവനന്തപുരം തൈക്കാട് പി ഡബ്ല്യൂ ഡി റസ്റ്റ് ഹൗസിസിലാണ് പരിശീലനം നടന്നത്. പരിപാടിയുടെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിച്ചു.

പരിശീലനത്തിന്റെ ഭാഗമായി നടന്ന ഗ്രൂപ്പു ചർച്ചകളും ചർച്ചയുടെ ഭാഗമായി വന്ന വിഷയങ്ങളിൽ പൊതുഅവതരണവും സംഘടിപ്പിച്ചു. നിയമം, പരിസ്ഥിതി, സ്കൂൾ വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, ആരോഗ്യം, ലിംഗസമത്വം, തൊഴിൽ, കൃഷി, മാധ്യമം, സിനിമ, സാഹിത്യം, മതനിരപേക്ഷത, വികസനം, ഭക്ഷണം, വീട്, വ്യവസായം, ജനാധിപത്യം എന്നിങ്ങനെ 17 വിഷയങ്ങൾ കൂലംകഷമായി തന്നെ ചർച്ച ചെയ്യപ്പെട്ടു. ആദിവാസി ഇൻസ്ട്രക്ടർമാരെ 21 പേർ വരുന്ന ഗ്രൂപ്പുകളായി തരംതിരിച്ചു നടത്തിയ ചർച്ചകൾ ശരിക്കും ആദിവാസി സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങളുടെ ഭൂപടം നിവർത്തിവയ്ക്കുന്നതായി. ചർച്ചകളിൽ പങ്കെടുത്ത ഇൻസ്ട്രക്ടർമാർ പരിഹാരവും നിർദ്ദേശിച്ചു.

നിരന്തരചൂഷിതരും വിഭവാധികാര ശൂന്യരുമായ ആദിവാസിജനതയുടെ മേൽഗതിക്ക് കേവലം അക്ഷരം എഴുതാനും വായിക്കാനുമുള്ള ത്രാണിമാത്രം പോര. അവർക്ക് അവരുടെ അവകാശങ്ങളെക്കുറിച്ചും അധികാരങ്ങളെക്കുറിച്ചുമുള്ള സാമൂഹ്യജ്ഞാനം ഉണ്ടാകണം. അതുപോലെ തന്നെ പ്രധാനമാണ് വരുമാനവും. ആദിവാസികൾക്കുള്ള സാക്ഷരതാപദ്ധതികളിൽ അവരിൽ തന്നെയുള്ളവരെ ഇൻസ്ട്രക്ടർമാരാക്കിയത് ഇത്തരത്തി

ലുള്ള പ്രായോഗിക വീക്ഷണങ്ങൾ അരക്കിട്ടുറപ്പിക്കുന്നതാണ്.

സാക്ഷരതാമിഷന്റെ വിവിധ ആദിവാസി സാക്ഷരത– തുല്യതാ പദ്ധതികളുടെ നടത്തിപ്പിനായി നിയോഗിച്ചിരിക്കുന്നത് മൊത്തം 601 ആദിവാസി ഇൻസ്ട്രക്ടർമാരെയാണ്. സമഗ്ര' ആദിവാസി സാക്ഷരതാപദ്ധതി, അട്ടപ്പാടിയിലും വയനാട്ടിലും നടപ്പിലാക്കിവരുന്ന പ്രത്യേക ആദിവാസി സാക്ഷരതാ പദ്ധതികൾ എന്നിവയിലൂടെയാണ് ഇത്രയും ആദിവാസികളെ ഇൻസ്ട്രക്ടർമാരാക്കിയത്. ഇവരിൽ നിന്നുള്ള 350 പേർക്കാണ് സാമൂഹ്യസാക്ഷരതാ പരിശീലനം നൽകിയത്. ഇവരിലൂടെ ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ ആദിവാസി മേഖലകളിലും സാമൂഹ്യസാക്ഷരതാ പദ്ധതികൾ വ്യാപിപ്പിക്കാനാണ് സാക്ഷരതാമിഷൻ ലക്ഷ്യമിടുന്നത്.

ആദിവാസിമേഖലകളിലെ അഴൽക്കുന്നുകളും കണ്ണുപൊട്ടിയ ചോലകളുടെ ശാപവും പശിയാൽ കലങ്ങിയ വയറുകളും ഇപ്പോഴും ബാക്കിനിൽക്കുന്നുവെന്ന യാഥാർഥ്യബോധത്തോടെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും 'അന്യ'ത്തെ അടിച്ചുകൊല്ലുന്ന 'പരിഷ്കൃതി'യുടെ ദുർന്നീതി ബോധത്തെ നിലയ്ക്കുനിർത്താനും ഇത്രയും ഇൻസ്ട്രക്ടർമാരെ പ്രാപ്തരാക്കുകയെന്നതാണ് സാക്ഷരതാമിഷന്റെ ലക്ഷ്യം. അതിലൂടെ പൊതുസമൂഹത്തിന്റെ ഉത്തരവാദിത്തം ഒളിച്ചോടലല്ല, ഉത്തരം നൽകലാണെന്ന ബോധ്യപ്പെടുത്തലുമാണ്.

കേരളത്തിലെ ആദിവാസികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള കർമപദ്ധതികളും ആദിവാസികൾ തന്നെ രൂപപ്പെടുത്തി. വസ്തുതകൾ നിരത്തിയുള്ള വിശകലനവും ആദിവാസികൾ നിർജീവസ്ഥാനത്തു നിൽക്കുന്ന വ്യക്തിഗത ഗുണഭോക്താക്കൾ മാത്രമല്ലെന്നും തെളിയിച്ച് ആദിവാസികളുടെ സാമൂഹ്യസാക്ഷരതാ പരിശീലന പരിപാടി സമാപിച്ചു. ഓരോ ആദിവാസി വിഭാഗത്തിന്റെയും പ്രശ്നങ്ങളും വികസനാവശ്യങ്ങളും വ്യത്യസ്തമാണ്. അതിൽത്തന്നെ സ്ത്രീകളുടെയും പുരുഷന്മാരുടെയും വികസന ആവശ്യങ്ങൾക്കുമുണ്ട് സവിശേഷ വ്യത്യാസങ്ങൾ. സ്വന്തം സ്വത്വത്തിന്റെ കാതലിലേക്കും ചില്ലകളിലേക്കും തങ്ങളെ ചേർത്തുനിർത്തിക്കൊണ്ടുള്ള





മുഖ്യധാരാ വികസന സംസ്കാരമാണ് വേണ്ടതെന്ന പൊതുവികാരമാണ് ചർച്ചകളിൽ ഉയർന്നുവന്നത്.

സ്ത്രീകളടക്കം ആദിവാസി സമൂഹത്തിൽ ഗ്രസിച്ചിരിക്കുന്ന മദ്യാസക്തിയുടെ വിപത്കരമായ ജീവിത സാഹചര്യങ്ങൾ, നിരക്ഷരത കാരണം ആദിവാസികളുടെ അവകാശങ്ങളും അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെക്കുറിച്ചുമുള്ള അവബോധക്കുറവ് എന്നിവയായിരുന്നു ചർച്ചകളിലുടനീളം മുഴച്ചുനിന്നത്. അശാസ്ത്രീയമായ വികസന സംസ്കാരം വനമേഖലകളിൽ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും വരച്ചുകാട്ടി.

തൊഴിൽ, സ്ഥിരതാമസം, ആചാര-അനുഷ്ഠാനങ്ങൾ, തനതു സംസ്കാരം എന്നിവയെ നിലനിർത്തിക്കൊണ്ടുള്ള മുഖ്യധാരാ വികസനം ഉണ്ടാകണം. വ്യവസായങ്ങൾ ആദിവാസിമേഖലകളിൽ ഉയർന്നുവരണം. വാമൊഴിയായി മാത്രം നിലനിൽക്കുന്നതു മൂലം ഗോത്രഭാഷകൾ നശിച്ചുപോകുന്നതിനാൽ അവയുടെ രേഖപ്പെടുത്തലുകൾ വേണം. ആദിവാസികളുടെ പ്രശ്നങ്ങളറിയാൻ ഒരു സാഹിത്യകാരനും ഊരുകളിലെത്താറില്ല. അതുകൊണ്ടു തന്നെ തങ്ങൾക്കിടയിൽനിന്നു തന്നെ സാഹിത്യകാരന്മാരുണ്ടാകണം. അതിനായി ഗ്രന്ഥശാലകൾ ഉണ്ടാകണം. ആദിവാസി ഊരുകളിൽ പത്രങ്ങളില്ല. ചെറിയ പ്രശ്നങ്ങൾ വലുതാക്കുകയും വലിയ പ്രശ്നങ്ങൾ തമസ്കരിക്കപ്പെടുകയും ചെയ്യുന്നു. ആദിവാസികളെ സ്വാധീനിക്കുന്ന പുതിയ ദൃശ്യമാധ്യമസംസ്കാരം ഉണ്ടാകണം. ഗിരിവർഗമേഖലകളിലെ രൂക്ഷമായ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം- ചർച്ചയിൽ അഭിപ്രായമുയർന്നു.

നവകേരള സൃഷ്ടി യാഥാർത്ഥ്യമാകണമെങ്കിൽ ആദിവാസികൾ പൊതുസമൂഹത്തിന്റെ ഭാഗമാകണമെന്നു മറുപടി പ്രസംഗത്തിൽ സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്.ശ്രീകല പറഞ്ഞു. ആദിവാസി സമൂഹം അനുഭവിക്കുന്ന പ്രശ്ന

ങ്ങളെക്കുറിച്ച് ഗ്രൂപ്പു ചർച്ചകളിൽ ഉയർന്നു വന്ന കാര്യങ്ങളുടെ വിശദമായ റിപ്പോർട്ട് ശിപാർശയടക്കം സർക്കാരിനു സമർപ്പിക്കുമെന്നും ഡയറക്ടർ പറഞ്ഞു.

ഡോ.സുഹൃത്കുമാർ, ഷിബു കെ.നായർ, ബി. വിദ്യാധരൻകാണി, ചിന്ത ജെറോം, ഡോ.ജി.ആർ. സന്തോഷ്കുമാർ, ഡോ.ലേഖാനനരേന്ദ്രൻ, കെ.കെ.ജനാർദ്ദനൻ, ബിനുലാൽ കെ.ജി, ഡോ.ഷാലിൻ വർഗീസ്, വി.എസ്.ബിന്ദു, പി.എൻ.സരസമ്മ, പ്രിജിത്ത് പി.കെ, എൻ. ജഗജീവൻ, മോഹൻകുമാർ വി.കെ, ഡോ.ശ്രീലതകുമാരി, ഡോ.ജെ.ബി.രാജൻ, അബുരാജ് ബി എന്നിവർ വിവിധ ഗ്രൂപ്പ് ചർച്ചകൾക്കു നേതൃത്വം നൽകി. ആദിവാസി സാക്ഷരതാ പദ്ധതികളുടെ കോ-ഓർഡിനേറ്റർ ഇ.വി.അനിൽ, സംസ്ഥാന സാക്ഷരതാമിഷൻ അസി.ഡയറക്ടർമാരായ ഡോ.ജെ.വിജയമ്മ, കെ.അയ്യപ്പൻനായർ, വിദ്യാഭ്യാസ പ്രവർത്തകൻ കെ.കെ.കൃഷ്ണകുമാർ തുടങ്ങിയവർ പങ്കെടുത്തു.

പരിശീലനത്തിന്റെ ഭാഗമായി പഠനക്ലാസുകളും സംഘടിപ്പിച്ചു. ഭരണഘടനാമൂല്യങ്ങളും പൗരജീവിതവും എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. പി. ജെ. വിൻസന്റ് ക്ലാസെടുത്തു. കേരള നവോത്ഥാനധാരകൾ, നവകേരളവും ആദിവാസി സമൂഹവും എന്നീ വിഷയങ്ങളെ ആസ്പദമാക്കി കേരള സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ ഡോ.പി.എസ്. ശ്രീകല ക്ലാസുകൾ കൈകാര്യം ചെയ്തു. സർക്കാരിന്റെ ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ എന്ന വിഷയത്തിൽ സാക്ഷരതാമിഷൻ പ്രോജക്ട് കോ-ഓർഡിനേറ്റർ ഇ. വി. അനിൽ ക്ലാസുകൾ നൽകി. പരിശീലത്തിന്റെ ഭാഗമായി ആദ്യദിവസം വൈകിട്ട് 5 മുതൽ നഗരയാത്ര സംഘടിപ്പിച്ചു. സെക്രട്ടറിയറ്റ്, മ്യൂസിയം, ശംഖുംമുഖം കടപ്പുറം എന്നിവിടങ്ങൾ സന്ദർശിച്ചു. ■

# 3

# സാമൂഹ്യസാക്ഷരത വിഷയാധിഷ്ഠിത റിപ്പോർട്ട്

ആദിവാസി ഇൻസ്ട്രക്ടർമാർക്കുള്ള സാമൂഹ്യസാക്ഷരത പരിശീലനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗം വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി ഇൻസ്ട്രക്ടർമാർ നടത്തിയ ഗ്രൂപ്പ് ചർച്ചയായിരുന്നു.

സാധാരണ പരിശീലനപരിപാടികളിൽനിന്നു വ്യത്യസ്തമായി പരിശീലനത്തിനെത്തിയ ആദിവാസികൾതന്നെ അവരുടെ പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും നിർദ്ദേശിക്കുന്ന രീതിയാണ് അവലംബിച്ചത്. സാമൂഹ്യസാക്ഷരതയുമായി ബന്ധപ്പെടുത്തി 17 വിഷയമേഖലകൾ തീരുമാനിക്കുകയും ഇൻസ്ട്രക്ടർമാരെ ആ ഗ്രൂപ്പുകളിൽപെടുത്തി അവർ ചർച്ച ചെയ്ത് അവതരണം നടത്താൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. നിയമം, പരിസ്ഥിതി, സ്കൂൾ വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, ആരോഗ്യം, ലിംഗസമത്വം, കൃഷി, തൊഴിൽ, മാധ്യമം, സിനിമ, സാഹിത്യം, മതനിരപേക്ഷത, വികസനം, വീട്, ഭക്ഷണം, വ്യവസായം, ജനാധിപത്യം എന്നിവ ആയിരുന്നു വിഷയമേഖലകൾ. ചർച്ചയിൽനിന്ന് രൂപപ്പെട്ട ആശയങ്ങളിൽ പലതും സർക്കാരിന്റെ ശ്രദ്ധ ആവശ്യപ്പെടുന്നതാണ്. കേരളത്തിലെ ആദിവാസി വിഭാഗത്തിന്റെ സമഗ്രമായ ഉന്നമനത്തിന് സഹായകമാണ് ഉയർന്നുവന്ന നിർദ്ദേശങ്ങൾ. അവർ അവതരിപ്പിച്ച പ്രശ്നങ്ങൾ അവരുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിലായതുകൊണ്ടുതന്നെ കൂടുതൽ പരിഗണനയർഹിക്കുന്നു.

ബോധവൽക്കരണപ്രവർത്തനങ്ങളും പ്രായോഗിക പ്രവർത്തനങ്ങളും ഒരുമിച്ച് നടത്തേണ്ടതുണ്ടെന്നാണ് ചർച്ചകൾ വ്യക്തമാക്കുന്നത്. സ്വത്വം സംരക്ഷിച്ചുകൊണ്ടുതന്നെ ഈ വിഭാഗത്തെ വികസനപ്രക്രിയയിൽ പങ്കാളികളാക്കി സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാനാവും. അത് അവർ ആഗ്രഹിക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന്റെയും തുടർപഠനത്തിന്റെയും സാധ്യതകളും അവസരങ്ങളും യുവാക്കൾക്ക് ലഭ്യമാക്കിക്കൊണ്ട് ഇത് യാഥാർത്ഥ്യമാക്കാനാവും. ഓരോ വിഷയമേഖലയിലും ഉണ്ടായ ചർച്ചയുടെ ക്രോഡീകരണമാണ് തുടർന്നുള്ള ഭാഗത്ത് ചേർത്തിരിക്കുന്നത്.

# 3.1 നിയമം

പൊതുവെ സാക്ഷരത കുറവായ ആദിവാസി ജനവിഭാഗങ്ങൾക്കിടയിൽ നിയമങ്ങളെക്കുറിച്ചുള്ള അറിവ് വളരെക്കുറവാണ്. ആദിവാസി ജനവിഭാഗങ്ങൾക്കിടയിൽ നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം നടക്കുന്നില്ല. ബോധവൽക്കരണ പരിപാടികൾ കൃത്യമായി നടത്താൻ ഉതകുന്ന പദ്ധതികൾ കൊണ്ടുവരണം. ബാലവിവാഹം, സർക്കാർക്ഷേമ പദ്ധതികൾ എന്നിവയെക്കുറിച്ചൊക്കെ ബോധവൽക്കരണം നടത്തേണ്ടത് അനിവാര്യമാണ്.

ആദിവാസി ജനവിഭാഗങ്ങൾക്കിടയിലുണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. നിയമങ്ങൾ കൃത്യമായി പാലിക്കാൻ സാധിക്കാത്തതാണ് ഇതിനു കാരണം. ഈ ജനവിഭാഗത്തിനു നിയമങ്ങളെക്കുറിച്ച് അറിവില്ലാത്തതിനാൽ പലതരത്തിലുള്ള ചൂഷണത്തിന് നിരന്തരം വിധേയരാകുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. കൃത്യമായ ബോധവൽക്കരണവും നിയമം കൃത്യമായി നടപ്പാക്കാനുള്ള ശ്രമങ്ങളും ഊർജിതമാക്കിയാൽ ആദിവാസി ജനവിഭാഗം



എം.കെ.രാധാകൃഷ്ണൻ
വയനാട്

ചൂഷണങ്ങൾക്ക് വിധേയരാകുന്നത് ഒഴിവാക്കാനാകും.

ലളിതമായ ഭാഷയിൽ നിയമങ്ങൾ രേഖപ്പെടുത്താത്തതാണ് മറ്റൊരു വിലങ്ങുതടി. എഴുതാനും വായിക്കാനും അറിയാമെങ്കിലും നിയമഭാഷ ലളിതമാക്കാൻ നമുക്ക് ഇതുവരെ സാധിച്ചിട്ടില്ല എന്നത് വലിയ ഒരു പ്രശ്നമായി തന്നെ ഇന്നും നിലനിൽക്കുന്നു. നിയമവിദ്യാഭ്യാസം ലഭിച്ചവർക്ക് മാത്രമാണ് ഇതേക്കുറിച്ച് അൽപ്പമെങ്കിലും അറിയാൻ സാധിക്കുക. അതിനാൽ ലഭിക്കേണ്ട നിയമസാധുതകൾ ആദിവാസികൾക്ക് ലഭ്യമാക്കാൻ ഇവയെ ലളിതമായ ഭാഷയിൽ എഴുതി അവതരിപ്പിക്കണം. ചെറിയ കുറ്റങ്ങൾ ചെയ്ത് തടവിൽ കഴിയുന്നവർക്ക് നിയമപരമായി മോചനം നൽകണമെന്നതാണ്




മറ്റൊരു പ്രധാനപ്പെട്ട വിഷയം. ആദിവാസികൾക്കിടയിൽ ജയിൽശിക്ഷ അനുഭവിക്കുന്നവരിൽ 90 ശതമാനവും ചെറിയ കുറ്റങ്ങൾ ചെയ്തവരാണ്. സാമ്പത്തികമായും നിയമപരമായും ഇവർക്ക് ലഭിക്കേണ്ട പരിഗണന ലഭിക്കുന്നില്ല എന്നതാണ് ഇത്തരത്തിൽ ശിക്ഷ അനുഭവിക്കുന്നതിനുള്ള പ്രധാന കാരണം. ഇവരെ ജാമ്യത്തിലിറക്കുന്നതിന് ആരും തയ്യാറാകാത്ത ഒരു സാഹചര്യം ആദിവാസികൾക്കിടയിൽ നിലനിൽക്കുന്നുണ്ട്. നിയമപരമായ വിദ്യാഭ്യാസം ഇല്ലാത്തതാണ് ഇത്തരത്തിലുള്ള സാഹചര്യം ഉടലെടുക്കാൻ ഇടയാക്കുന്നത്. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകുകയാണെങ്കിൽ ആദിവാസി ജനവിഭാഗങ്ങളുടെ ജീവിതരീതിക്കു മാറ്റം വരികയും അവർ കുറ്റവിമുക്തരാകുകയും ചെയ്യും.

# 3.2 പരിസ്ഥിതി

ആദിവാസി ജനവിഭാഗം നേരിടുന്ന പ്രധാനപ്രശ്നങ്ങളിൽ ഒന്നാണ് പാരിസ്ഥിതിക പ്രശ്നം. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം കാട്ടുതീയാണ്. കാട്ടുതീ പ്രശ്നം പരിഹരിക്കാൻ വാച്ചർമാരെ ഊരുകളിൽനിന്നുതന്നെ നിയമിക്കേണ്ടത് അനിവാര്യമാണ്. വയനാട്, ഇടുക്കി, പാലക്കാട് തുടങ്ങിയ ജില്ലകളിൽ കാട്ടുതീയുണ്ടാക്കുന്ന പ്രശ്നങ്ങൾ കൂടിവരികയാണ്. കാട്ടുതീയുണ്ടാകുന്നതിനാൽ പക്ഷിമൃഗാദികളും ഹെക്ടർ കണക്കിന് മരങ്ങളും കത്തിനശിക്കുന്നു. അധികൃതരെ അറിയിച്ച് ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുമ്പോഴേക്കും നാശനഷ്ടങ്ങൾ വർദ്ധിക്കുകയാണു ചെയ്യുക. ഊരുകളിൽ നിന്നുതന്നെയുള്ളവർ വാച്ചർമാരായി നിയോഗിക്കപ്പെട്ടാൽ നാശനഷ്ടങ്ങൾ വളരെയധികം കുറയ്ക്കാൻ സാധിക്കും. മാത്രമല്ല, ഇത് ഊരുകളിലെ ചെറുപ്പക്കാർക്ക് ചെറിയൊരു വരുമാനമാർഗമാകുകയും ചെയ്യും. ഇക്കാര്യം അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യും. കാട്ടുതീയുണ്ടാകുന്നതുമൂലം കാട് നശിക്കുകയും വന്യമൃഗങ്ങൾ ഭക്ഷണത്തിനും കുടിവെള്ളത്തിനുമായി കാട് വിട്ട് നാട്ടിലേക്ക് ചേക്കേറുന്ന അവസ്ഥയും ഇപ്പോൾ നാം കാണുന്നുണ്ട്.കാട്ടുതീ തടയുകയും വേനൽക്കാലത്ത് കാട്ടിനുള്ളിലെ ജലസ്രോതസ്സുകളിൽ ചെറിയ തടയണകൾ നിർമിക്കാനാവുകയും ചെയ്താൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് ആദിവാസി ജനവിഭാഗങ്ങളെ രക്ഷിക്കാൻ കഴിയും.


രുഗ്മണി, പാലക്കാട്

മരം മുറിക്കുന്നതും ഭൂമി കൈയേറുന്നതും തടയാൻ നിയമം ശക്തമാക്കുക എന്നതാണ് പരിസ്ഥിതിയുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാനവിഷയം. മരം മുറിക്കുന്നതിനാൽ കാടിന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെടുകയും കാടു കാടല്ലാതാകുകയും ചെയ്യുന്നു. ആദിവാസികളുടെ ജീവനെയും കൃഷിയെയും ബാധിക്കുന്ന തരത്തിലാണിതെല്ലാം പരിണമിക്കുന്നത്. കാട് കൈയേറി സ്വകാര്യ വ്യക്തികൾ അനധികൃത വികസന പ്രവർത്തനങ്ങൾ നടത്തുന്നതും കാടിന്റെ സന്തുലിതാവസ്ഥയെ കാര്യമായി ബാധിക്കുന്നുണ്ട്. വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണം മറ്റൊരു പ്രധാന വിഷയമാണ്. ഇതിനായി കാടിനെ നശിപ്പിക്കാതിരിക്കുകയാണ് നാം ആദ്യം ചെയ്യേണ്ടത്. മാത്രമല്ല ആദിവാസി വിഭാഗങ്ങൾക്കിടയിൽ നിന്നുള്ളവർക്ക് പരിശീലനം നൽകി ഇതിനായി നിയോഗിച്ചാൽ




പ്രശ്നങ്ങൾക്ക് ഒരുതരത്തിൽ പരിഹാരം കാണാനാകും.

അത്യാധുനിക യന്ത്രങ്ങളുടെ സഹായത്താൽ മലകളും കുന്നുകളും നിരപ്പാക്കി നടത്തുന്ന നിർമാണ പ്രവർത്തനങ്ങൾ പരിസ്ഥിതിയെ സാരമായി ബാധിക്കുന്നു. പലരും ആദിവാസികളുടെ വിദ്യാഭ്യാസമില്ലായ്മയെ ചൂഷണം ചെയ്ത് അവരുടെ കൈയിലിരിക്കുന്ന കൃഷിസ്ഥലങ്ങളും മറ്റും സ്വന്തമാക്കുന്നത് ആദിവാസി ജനവിഭാഗത്തിനു കനത്ത തിരിച്ചടിയാണ്. ഇവിടങ്ങളിൽ നടത്തുന്ന നിർമാണപ്രവർത്തനങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും വഴിയൊരുക്കുന്നു.

കാടിനകത്തും ആദിവാസി ഊരുകളിലും ഇപ്പോൾ അനുഭവപ്പെടുന്ന മറ്റൊരു പ്രധാന പ്രശ്നം കുടിവെള്ളം ലഭിക്കാത്തതാണ്. മഴ എത്രതന്നെ ലഭിച്ചാലും വേനൽക്കാലമായാൽ ചൂട് ക്രമാതീതമായി കൂടുന്ന അവസ്ഥയാണ് ഇപ്പോൾ കണ്ടുവരുന്നത്. ഇതിനായി ഈ പ്രദേശങ്ങളിൽ മഴക്കുഴി നിർമ്മിക്കേണ്ടതും അനിവാര്യമാണ്.

ആദിവാസി ഊരുകളിൽ പണ്ട് കാണാൻ സാധിക്കാത്തതും ഇപ്പോൾ സുലഭമായി ലഭിക്കുന്നതുമായ ഒന്നാണ് പ്ലാസ്റ്റിക്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർധിച്ചതോടെ ഇവിടെയുള്ള മണ്ണും ജലസ്രോതസ്സുകളും നഗരത്തിലേതുപോലെ തന്നെ മലിനമായിതുടങ്ങി. പ്ലാസ്റ്റിക്കിന്റെ അനാവശ്യമായ ഉപയോഗത്തെക്കുറിച്ച് ആദിവാസി ജനവിഭാഗങ്ങൾക്ക് അറിവില്ല എന്നത് ഇതിന്റെ ഉപയോഗത്തെ കൂട്ടാനല്ലാതെ കുറയ്ക്കാൻ സാധിച്ചിട്ടില്ല. പണ്ട് ഉറവകളിൽനിന്നും മറ്റും ലഭിക്കുന്ന ശുദ്ധമായ പച്ചവെള്ളം കുടിച്ചിരുന്ന ആദിവാസി ജനവിഭാഗത്തിന് ഇപ്പോൾ വെള്ളം വിലകൊടുത്തുവാങ്ങേണ്ട സാഹചര്യമുണ്ടായിരിക്കുകയാണ്. ജോലിചെയ്ത് ലഭിക്കുന്ന പണത്തിന്റെ പകുതിയും നൽകി കുടിവെള്ളം വാങ്ങുന്ന സാഹചര്യവും ഇന്ന് ആദിവാസി ഊരുകളിൽ നിലനിൽക്കുന്നു. ആദിവാസി ഊരിന് സമീപത്തായുള്ള ജല ഉറവകൾ കണ്ടെത്തി കിണറുകളോ കുളങ്ങളോ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതായിട്ടുണ്ട്. ■

# 3.3 സ്കൂൾ വിദ്യാഭ്യാസം

ആദിവാസി ഊരുകളിലെ ജനങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് വർധിക്കുന്നു. സൗജന്യമായി ലഭിക്കുന്ന വിദ്യാഭ്യാസം മാത്രമാണ് അവർക്കിപ്പോൾ ലഭിക്കുന്നത്. പ്രാഥമിക ക്ലാസുകളിൽനിന്ന് നല്ല മാർക്ക് വാങ്ങി ജയിച്ചാലും ഹൈസ്കൂൾ - ഹയർസെക്കൻഡറി തലത്തിലേക്ക് മാറുമ്പോൾ സാമ്പത്തിക ചെലവ് വർധിക്കുന്നതിനാൽ പലരും വിദ്യാഭ്യാസം പാതി വഴിയിൽ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. പെൺകുട്ടികളുടെ കാര്യത്തിലാണ് പഠനം ഉപേക്ഷിക്കൽ കൂടുതലായി കണ്ടുവരുന്നത്. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകിയിട്ടും കാര്യമില്ല, കുറച്ച് വലുതാകുമ്പോൾ അവരെ വിവാഹം കഴിച്ച് അയക്കാനുള്ളതാണ് എന്നതാണ് മിക്ക മാതാപിതാക്കളുടെയും ധാരണ. അതിനാൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ മാതാപിതാക്കൾക്കും വിയോജിപ്പാണ്. ഇത് മാറുന്നതിനായി കൃത്യമായ ഇടവേളകളിൽ ബോധവൽക്കരണം നടത്തണം.

ചില മാതാപിതാക്കൾക്ക് അവരുടെ കുട്ടികളെ പഠിപ്പിക്കാനുള്ള മനസ്സുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പലരെയും പിന്തിരിപ്പിക്കുന്നു. ആദിവാസി ഊരുകളിൽ നിന്ന് വളരെയകലയായി സ്ഥിതിചെയ്യുന്ന സ്കൂളിലെത്താൻ കഴിയാത്തതും ആദിവാസി വിഭാഗത്തിന് പഠനാവസരം ലഭിക്കാത്തതിന് കാരണമാകുന്നു. ഇതിനായി സ്കൂളുകളോട് ചേർന്ന് ഹോസ്റ്റൽ സംവിധാനം ഉണ്ടാക്കുക എന്നതാണ് ചെയ്യാൻ കഴിയുക. യാത്രാസൗകര്യത്തിന്റെ അപര്യാപ്തത പരിഹരിക്കപ്പെടുകയാണെങ്കിൽ ആദിവാസി ജനവിഭാഗത്തിൽ കൂടുതൽ പേർ വിദ്യാഭ്യാസ മേഖലയിൽ നേട്ടം കൈവരിക്കും.


സിനിമോൾ, പാലക്കാട്

മാതാപിതാക്കളുടെ മദ്യപാനവും ലഹരി ഉപയോഗവുമാണു കുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്ന മറ്റൊരു വെല്ലുവിളി. വളരെ ചെറുപ്പത്തിലെ തന്നെ ആദിവാസി ജനവിഭാഗത്തിലെ നല്ലൊരു പങ്കും ലഹരിക്ക് അടിമകളാകുന്നുണ്ട്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം അവരെ രോഗികളാക്കുകമാത്രമല്ല സാമൂഹ്യബോധത്തിൽനിന്ന് മാറ്റിനിർത്തുകയും ചെയ്യുന്നു. ലഹരിക്ക് അടിമകളായ മാതാപികൾക്ക് അവരുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും മഹത്വവും മനസ്സിലാകുന്നില്ല. ഇത് കുട്ടികളുടെയും മാനസികനില തകരാറിലാക്കുക മാത്രമല്ല, അവരും ലഹരിയുടെ ലോകത്ത് വിഹരിക്കാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുന്നു. ഫലത്തിൽ ഇത്തരം കുരുന്നുകൾക്കു പ്രാഥമിക വിദ്യാഭ്യാസം പോലും നേടാനാകാത്ത സ്ഥിതിയു




ണ്ടാകുകയും ചെയ്യുന്നു. ഇത് സാമൂഹ്യ പുരോഗതിക്കും മാനസിക വളർച്ചയ്ക്കും തടസ്സമുണ്ടാക്കുമെന്ന് മാത്രമല്ല അവരെ ക്രിമിനൽ പശ്ചാത്തലമുള്ളവരാക്കി മാറ്റുകയും ചെയ്യുന്നു. അതിനാൽത്തന്നെ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

ആദിവാസി വിഭാഗത്തിന്റെ ഉന്നമനത്തിനും വിദ്യാഭ്യാസത്തിനുമായി നടപ്പാക്കുന്ന ഗോത്രസാരഥി നാലാംക്ലാസുവരെയാണ് ഇപ്പോൾ നടപ്പാക്കുന്നത്. ഇതിനാൽ പലരും നാലാംക്ലാസിൽ പഠനം അവസാനിപ്പിക്കുന്ന സാഹചര്യമാണുള്ളത്. പദ്ധതി നാലാംക്ലാസിനുമുകളിലേക്കും വ്യാപിപ്പിക്കുകയാണെങ്കിൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ മുന്നേറ്റമുണ്ടാക്കാൻ ഇവർക്ക് സാധിക്കും. കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കാനും കഴിയും. ആദിവാസി മേഖലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇതര ജില്ലകളിൽ നിന്നുള്ള അധ്യാപകർ പഠിപ്പിക്കാനെത്തുന്നത് ഇവിടുത്തെ വിദ്യാർഥികളുടെ പഠനനിലവാരത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. അധ്യാപകരായി മറ്റു ജില്ലകളിൽനിന്നുള്ളവർ പ്രവർത്തിക്കുന്നത് ക്ലാസുകൾ കൃത്യമായ സമയദൈർഘ്യത്തിൽ നടത്തുന്നതിനു തടസ്സമാകുന്നുണ്ട്. തിങ്കളാഴ്ചകളിലും വെള്ളിയാഴ്ചകളിലും പലപ്പോഴും ക്ലാസുകളിൽ അധ്യാപകർ ഉണ്ടാവാറില്ല. ചൊവ്വാഴ്ച വൈകി വരികയും വ്യാഴാഴ്ച നേരത്തെ പോകുകയും ചെയ്യുകയാണു ഭൂരിപക്ഷം അധ്യാപകരും. ഇതുകാരണം സ്കൂളുകളിൽ ആ ദിവസങ്ങളിലെ ക്ലാസുകൾ നടക്കാത്ത സ്ഥിതിവിശേഷമുണ്ടാക്കുന്നു.

അധ്യാപകരായി അടുത്തുള്ളവരെയോ ആദിവാസിവിഭാഗത്തിൽ നിന്ന് വിദ്യാഭ്യാസയോഗ്യതയുള്ളവരെയോ നിയമിച്ചാൽ മാത്രമേ ഈ പ്രതിസന്ധിക്കു പരിഹാരമുണ്ടാക്കാനാകൂ. ഊരുകളിൽ എല്ലാമാസവും വിദ്യാഭ്യാസ കൗൺസലിങ് നടത്തുന്നതും സഹായകമാകും.ഇതിൽ കുട്ടികളെക്കൂടാതെ അവരുടെ മാതാപിതാക്കളെക്കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. സ്കൂളുകളിൽ അസംബ്ലികൾ കൃത്യമായി നടത്തുകയും അവിടെ കുട്ടികൾക്ക് സംസാരിക്കാനും അവരുടെ കലാവാസനകൾ പ്രകടിപ്പിക്കാനും അവസരം നൽകുകയും ചെയ്യുന്നത് പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും. ■

# 3.4 ഉന്നതവിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസം മാത്രം ലഭിക്കുകയും പിന്നീടുള്ള പഠനം ഉപേക്ഷിക്കുകയും ചെയ്യുന്ന പതിവാണു മിക്കവാറും ഊരുകളിൽ. അതിനാൽത്തന്നെ സർവകലാശാലകളെയും ഉന്നതവിദ്യാഭ്യാസ സാധ്യതകളെയും കുറിച്ച് ഊരിലെ ജനങ്ങൾ അറിയുന്നില്ല. പ്രാഥമിക വിദ്യാഭ്യാസം പോലും പൂർത്തിയാക്കാൻ പലരും തയ്യാറാകാത്ത സ്ഥിതിയും യഥാസമയം വിവരങ്ങൾ ലഭിക്കാത്ത സാഹചര്യവുമാണ് ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അജ്ഞതയ്ക്കു കാരണം. അടിസ്ഥാനസൗകര്യങ്ങളുടെ അഭാവവും മദ്യം, പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉപയോഗവും ഊരിലെ ജനങ്ങളെ വിദ്യാഭ്യാസം നേടുന്നതിൽനിന്ന് അകറ്റാൻ ഇടയാക്കുന്നു.

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗമാണ് ആദിവാസികൾ. ഉന്നതവിദ്യാഭ്യാസത്തിന് സാമ്പത്തികമായ ബാധ്യതകൾ ഉണ്ടാകുമെന്നതിനാൽ



അപർണ്ണ, ഇടുക്കി

പലരും ഉന്നതവിദ്യാഭ്യാസത്തിന് ശ്രമിക്കാറില്ല.മാത്രമല്ല കുട്ടികളെ ഏത് കോഴ്സിന് ചേർക്കണം. എവിടെ ചേർക്കണം അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെ എന്നത് വിദ്യാഭ്യാസനിലവാരം കുറവായ മാതാപിതാക്കൾക്ക് അറിയാതെ വരുന്നു. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ ബോധവൽക്കരണ പരിപാടികൾ സമയബന്ധിതമായി നടപ്പാക്കണം.

വ്യാപകമായ ബാലവിവാഹമാണ് ഊരിലെ മറ്റൊരു പ്രതിസന്ധി. വിദ്യാഭ്യാസത്തിന് പ്രധാന്യം നൽകാത്തതാണ് ബാലവിവാഹം നിലനിൽക്കുന്നതിന്റെ പ്രധാനകാരണം. പെൺകുട്ടികളെ ചെറുപ്രായത്തിൽ

തന്നെ വിവാഹം കഴിപ്പിച്ച് അയക്കുന്ന തിനാൽ വിദ്യാഭ്യാസം പാതിയിൽ ഉപേ ക്ഷിക്കുന്നു. ഇത്തരം കാര്യങ്ങളിൽ നിന്നു മോചനം നേടുന്നതിനായി വിദ്യാഭ്യാസ ബോധവൽക്കരണ ക്ലാസുകൾ നടത്തണം.

സാമൂഹ്യസുരക്ഷ-ക്ഷേമപദ്ധതികളെക്കുറി ച്ച് അറിവില്ലാത്തത് ഊരുകളിലെ ജനങ്ങളു ടെ ജീവിതനിലവാരത്തെ പിന്നോട്ടടിക്കു ന്നുണ്ട്. ഇക്കാര്യത്തിൽ അവബോധം സൃ ഷ്ടിക്കാനുള്ള പരിപാടികൾ ചിട്ടയോടെ നടപ്പാക്കണം. ഇതിനായി സർക്കാർ നിയോ ഗിച്ചിട്ടുള്ള സംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ■



# 3.5 ആരോഗ്യം

ആരോഗ്യത്തിന്റെ കാര്യത്തിൽ അറിവില്ലായ്മ ഊരുകളിലെ ജനങ്ങളുടെ ഏറ്റവും വലിയ പ്രശ്നമായി ഇന്നും നിലനിൽക്കുന്നു. ചെറിയ പ്രായത്തിൽ തന്നെ വിവാഹം കഴിപ്പിച്ചയക്കുന്നതും ഗർഭാവസ്ഥയിൽ വേണ്ടത്ര പരിചരണമില്ലായ്മയും ഊരുവാസികളുടെ അറിവില്ലായ്മ വെളിപ്പെടുത്തുന്നതാണ്. രോഗങ്ങൾ വരുമ്പോൾ സ്വയം ചികിത്സ നടത്തുന്നതും അതുപോലെ തന്നെ തക്കസമയത്ത് ചികിത്സ തേടാതിരിക്കലും ആരോഗ്യത്തെക്കുറിച്ചുള്ള അവബോധമില്ലായ്മയാണു കാണിക്കുന്നത്. വാസസ്ഥലത്തു ശുദ്ധജലത്തിന്റെ അപര്യാപ്തതയും ആരോഗ്യപ്രശ്നങ്ങൾക്കു കാരണമാകുന്നുണ്ട്. അസുഖം വന്നാൽ ചികിത്സാകേന്ദ്രങ്ങളിൽ കൊണ്ടുപോകുമ്പോൾ രോഗിയോടൊപ്പം കൂട്ടിരിക്കാൻ ആളില്ലാത്ത അവസ്ഥയും പ്രശ്നം രൂക്ഷമാകാൻ കാരണമാകുന്നുണ്ട്. മറ്റിടങ്ങളിലേക്കു ചികിത്സ തേടിപോകുന്നതിൽ നിന്ന് ഇക്കാരണവും ഊരിലെ ജനങ്ങളെ വിലക്കുന്നുണ്ട്. ആരോഗ്യം ശ്രദ്ധിക്കുന്നതിലുപരി ആചാരാനുഷ്ഠാനങ്ങൾക്കു പ്രാധാന്യം നൽകുകയാണ് ഇവിടത്തെ ജനത ചെയ്യുന്നത്. തെറ്റായ രീതികൾ അവസാനിപ്പിക്കുന്നതിനും ആരോഗ്യകരമായ പുതുജീവിതം കെട്ടിപ്പടുക്കുന്നതിനും ആരോഗ്യവകുപ്പുമായി സഹകരിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കണം. ദൃശ്യങ്ങളുടെയും ചലനചിത്രങ്ങളുടെയും മറ്റും സഹായത്തോടെയുള്ള പ്രചാരണ പരിപാടികളും ആരോഗ്യബോധവൽക്കരണത്തിന് ഉപയോഗിക്കേണ്ടതുണ്ട്.



സാവിത്രി, വയനാട്

ശൈശവവിവാഹത്തിന്റെ പ്രശ്നങ്ങളെക്കു
റിച്ചും ശൈശവവിവാഹ നിരോധനനിയമ
ത്തെക്കുറിച്ചുമുള്ള ബോധവൽക്കരണം ഊ
രുകളിൽ നടത്തിയാൽ മാത്രമേ അത്തരം
കാര്യങ്ങളിൽ നിന്നു വിമുക്തരാകാൻ ജന
ങ്ങൾക്കു കഴിയൂ. അതുപോലെതന്നെ
പോഷകാഹാരക്കിറ്റ് പ്രദേശത്തു ലഭിക്കു
ന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും
വേണം.മദ്യം, മയക്കുമരുന്ന് പുകയില തുട
ങ്ങിയ ഉൽപ്പന്നങ്ങളുടെ അമിതമായ ഉപ
യോഗം ക്യാൻസർ പോലുള്ള രോഗങ്ങൾ
വരുന്നതിന് കാരണമാകുന്നു. ഇവയുടെ
ഉപയോഗം ഇല്ലാതാക്കുന്നതിനുള്ള ബോധ
വൽക്കരണം കാര്യമായി നടക്കുന്നില്ല
എന്നതാണ് പ്രധാനകാരണം. മറ്റൊന്ന്
ഇത്തരത്തിലുള്ള രോഗങ്ങൾ പിടിപെടുന്ന
സാഹചര്യത്തിൽ അവ ആരോഗ്യപ്രവർത്ത
കരോട് പറയാനോ ചികിത്സതേടാനോ
ഇവർ ശ്രമിക്കാറില്ല. ഇതിനായി പണച്ചെ
ലവ് വരുമെന്നതും ഇവരെ പിന്നോട്ടടിക്കുന്നു.



# 3.6 ലിംഗസമത്വം

ലിംഗ സമത്വത്തിന്റെ കാര്യത്തിൽ ഏറെ പിന്നിലാണ് ആദിവാസി ഊരുകൾ. എല്ലാ കാര്യങ്ങളിലും തീരുമാനമെടുക്കുന്നത് പുരുഷന്മാരാണ്. കുടുംബത്തിനുള്ളിലായാലും പൊതുപ്രശ്നങ്ങളിലായാലും തീരുമാനമെടുക്കുന്നത് പുരുഷന്മാരാണ്. സ്ത്രീകൾക്ക് ഇവിടങ്ങളിലൊന്നും അർഹമായ പരിഗണന ലഭിക്കാറില്ല. അതുപോലെ തന്നെയാണു തൊഴിലിടങ്ങളിലെയും അവസ്ഥ. ഒരേ ജോലി ചെയ്താലും സ്ത്രീക്കും പുരുഷനും ലഭിക്കുന്ന വേതനവും വ്യത്യസ്തമാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനം ഉറപ്പാക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ആദിവാസി ഊരുകളിൽ നടത്തേണ്ടതുണ്ട്. പൊതുസമൂഹത്തിൽ നിന്ന് ഏറ്റവും കൂടുതൽ വിവേചനം നേരിടുന്നത് ആദിവാസി സ്ത്രീകളാണ്. ആദിവാസി സ്ത്രീകൾ മറ്റാരേക്കാളും അക്രമങ്ങൾക്കും പലവിധ ചൂഷണങ്ങൾക്കും വിധേയരാവുന്നുണ്ട്. ഇത് അവസാനിപ്പിക്കേണ്ടതാണ്. ഇതിന് നിയമനടപടികൾ ശക്തമാക്കണം. ഇതിന് പൊതുസമൂഹത്തിന് ബോധവൽക്കരണം നൽകണം. ■



ബിന്ദു വയനാട്



# 3.7 കൃഷി

ആദിവാസി ഊരുകളിൽ പലയിടത്തും കൃഷി ജീവിതോപാധിയാണ്. എന്നാൽ, ജനിച്ച മണ്ണിൽ പലരും കൃഷി ചെയ്യുന്നുണ്ടെങ്കിലും ഇവയൊന്നും തന്നെ സ്വന്തമാണെന്നുള്ളതിനുള്ള രേഖകൾ ഇവരുടെ കൈവശമില്ല. അതുകൊണ്ടുതന്നെ ലഭിക്കേണ്ടുന്ന കാർഷിക ആനുകൂല്യങ്ങൾ ഇവർക്കു ലഭിക്കുന്നുമില്ല. ഇക്കാരണത്താൽ പലരും കാർഷികവൃത്തിയിൽനിന്ന് പിന്മാറുന്ന അവസ്ഥയിലേക്കുവരെ കാര്യങ്ങൾ എത്തിയിട്ടുണ്ട്. ഉൽപ്പാദകരായി നിലകൊണ്ടിരുന്ന ആദിവാസികൾ ഉപഭോക്താക്കളായി മാറിത്തുടങ്ങുന്ന അവസ്ഥയാണുള്ളത്. അതുകൊണ്ടുതന്നെ കാർഷികമേഖലയിൽ വേണ്ട ആനുകൂല്യങ്ങളും സഹായങ്ങളും ഇവർക്കായി ചെയ്തുകൊടുക്കേണ്ടതുണ്ട്.



ബിന്ദു പാലക്കാട്

കാലാവസ്ഥയ്ക്കനുയോജ്യമായ കാർഷിക പദ്ധതികൾ നടപ്പാക്കുകയും വിത്തിനങ്ങൾ കൃഷിഭവൻ മുഖേന ലഭ്യമാക്കുകയും വേണം. ആധുനിക രീതിയിൽ യന്ത്രവൽകൃത കൃഷിക്ക് സഹായം നൽകേണ്ടതുണ്ട്. പലരും കൃഷി ഒഴിവാക്കി മറ്റു തൊഴിലിനു പോകുന്ന അവസ്ഥയാണു നിലവിലുള്ളത്. കാർഷികോൽപ്പന്നങ്ങൾക്കു വില ലഭിക്കാത്തതും അധികൃതരിൽ നിന്നു ലഭിക്കേണ്ട ആനുകൂല്യങ്ങൾ വാങ്ങിച്ചെടുക്കാൻ അറിയാത്തതുമാണു കൃഷിയിൽ നിന്നു മാറി നിൽക്കാൻ ഇവരെ പ്രേരിപ്പിക്കുന്നത്.

ഈയവസ്ഥയ്ക്കു പരിഹാരം തേടേണ്ടതുണ്ട്. കാർഷിക സഹകരണസംഘങ്ങൾക്കു രൂപം നൽകി അവയുടെ പ്രവർത്തനത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇവരെ കൈപിടിച്ചുയർത്തണം. നിരന്തരമുണ്ടാകുന്ന കാട്ടുമൃഗങ്ങളുടെ ശല്യമൊഴിവാക്കാൻ കമ്പിവേലിയോ വൈദ്യുതി വേലിയോ നിർമിക്കാൻ സർക്കാർ സഹായം ലഭ്യമാക്കണം. വനാവകാശനിയമം കർശനമായി നടപ്പാക്കാനുള്ള നടപടികളും സർക്കാർതലത്തിൽ സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളെല്ലാം ഊരുകളിലെ ജനങ്ങളിലെത്തിക്കാൻ ബോധവൽക്കരണക്ലാസുകൾ കൃത്യമായ ഇടവേളകളിൽ സംഘടിപ്പിക്കണം. ജനങ്ങളിൽ ഐക്യബോധം ഉണ്ടാക്കാനും ബോധവൽക്കരണ ക്ലാസുകൾ ഉതകണം.



# 3.8 തൊഴിൽ

ചില മേഖലകളിൽ കൃഷി തൊഴിലായി എടുക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ചെയ്യുന്ന കാര്യങ്ങളിൽ ശക്തമായൊരു പിന്തുണ യില്ലാത്തത് ഇവിടങ്ങളിലെ ജനങ്ങളെ ദാരിദ്ര്യത്തിലേക്കു നയിക്കുകയാണു ചെയ്യുന്നത്. വിദ്യാഭ്യാസം നേടിയ പലർക്കും അവരുടെ വിദ്യാഭ്യാസയോഗ്യതയ്ക്കനുസരിച്ച് തൊഴിൽ കിട്ടുന്നില്ല എന്ന പ്രശ്നവും നിലനിൽക്കുന്നുണ്ട്. അതിനാൽ തൊഴിൽമേഖല ശക്തിപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

ഗ്രാമങ്ങളിലും നഗരങ്ങളിലും വിജയക്കൊടി നാട്ടിയ കുടുംബശ്രീ പോലുള്ള സംവിധാനങ്ങൾ ഊരുകളിൽ കൂടുതലായി ഉണ്ടാ



മീനാക്ഷി പാലക്കാട്

കേണ്ടത് അത്യാവശ്യമാണ്. ആധുനികവും ശാസ്ത്രീയവുമായ സ്വയംതൊഴിൽ സംരംഭങ്ങളും നടപ്പാക്കണം. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഊരുനിവാസികളെ എത്തിക്കണമെങ്കിൽ ആധുനിക വ്യവസായസ്ഥാപനങ്ങൾ പോലുള്ളവയും ഇവിടങ്ങളിൽ ആരംഭിക്കണം.



# 3.9 മാധ്യമം

മാറ്റിനിർത്തപ്പെട്ട ജനവിഭാഗമെന്ന നിലയിൽ ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പൊതുജനങ്ങളിലെത്തിക്കാൻ കഴിയാത്തത് സമൂഹത്തിന്റെ മുഖ്യധാരയുമായി ഇവർക്കു ബന്ധമില്ലാത്തതിനാൽ തന്നെയാണ്. തങ്ങൾക്കു പുറത്തുള്ള ലോകത്ത് എന്തു സംഭവിക്കുന്നുവെന്നോ അവിടങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ എന്തെന്നോ അറിയാത്തത് ആശയവിനിമയ സംവിധാനങ്ങളുടെ അപര്യാപ്തതയാണ്. പത്രങ്ങൾ പോലും ഊരുകളിൽ ലഭിക്കാത്ത അവസ്ഥയാണുള്ളത്. ടെലിവിഷൻ, ഫോൺ മുതലായവയൊക്കെ ഇവർക്ക് അന്യമാണ്. പുസ്തകങ്ങൾ പോലും ഇവിടങ്ങളിൽ വിരളമാണ്. സ്കൂളിൽ കല-കായിക മേഖലയുടെ വളർച്ചയ്ക്ക് ഒരുരത്തിലുള്ള  പ്രോത്സാഹനവും ലഭിക്കാത്തതും (പ്രദേശവാസിക



രാജു വയനാട്

ഊരുകളിലും കുറഞ്ഞത് ഒരു പത്രമെങ്കിലുമുണ്ടാകത്തക്ക തരത്തിൽ സംവിധാനമൊരുക്കണം. എല്ലായിടത്തും ലൈബ്രറികൾ തുടങ്ങണം. ആദിവാസികളുടെ പ്രശ്നങ്ങൾ പലതും റിപ്പോർട്ടു ചെയ്യുന്നതിൽ മാധ്യമങ്ങൾ വിമുഖത കാട്ടാറുണ്ട്. മാധ്യമങ്ങൾ ഇവയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകാറില്ല എന്നതും വസ്തുതയാണ്. ഈയവസ്ഥയ്ക്കു മാറ്റം വരേണ്ടതുണ്ട്.



# 3.10 സിനിമ

ആദിവാസി ഊരുകളിലെ ശോചനീയാവസ്ഥ മാറ്റിയെടുക്കാൻ സിനിമ എന്ന മാധ്യമത്തിന്റെ സഹായവും തേടേണ്ടതുണ്ട്. ഊരുനിവാസികൾക്കു പലർക്കും സിനിമയെക്കുറിച്ചറിയാമെങ്കിലും സിനിമ കാണാൻ പറ്റുന്ന സാഹചര്യം ഇവർക്കില്ല. സിനിമ കാണാൻ താൽപ്പര്യമുണ്ടാക്കുകയും ഇവയിലൂടെ ബോധവൽക്കരണം നടത്തുകയും വേണം. ജീവിതശൈലിയെക്കുറിച്ചുള്ള സിനിമകൾ ഇവർക്കു മുന്നിലെത്തുന്നത് ജീവിതനിലവാരത്തെക്കുറിച്ചു തിരിച്ചറിയാൻ സഹായിക്കും. അന്ധവിശ്വാസത്തിനെതിരായ സിനിമകൾ പ്രദർശിപ്പിക്കുന്നതും ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ ആഹ്വാനം ചെയ്യുന്ന സിനിമകൾ അവതരിപ്പിക്കുന്നതും ബോധവൽക്കരണത്തിന്റെ ഭാഗമായി ചെയ്യണം. തനതുസംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന സിനിമകൾ ഉണ്ടാകണം.ഇതിനൊപ്പം തന്നെ ലോകസിനിമ കാണാൻ അവസരമൊരുക്കണം.



അജിത തിരുവനന്തപുരം





കാർട്ടൂണുകളെ പരിചയപ്പെടുത്തണം. മാത്രമല്ല, താൽപ്പര്യമുള്ളവർക്കു സിനിമ

# 3.11 സാഹിത്യം

ആദിവാസി ഊരുകളുടെ ഏറ്റവും വലിയ നഷ്ടമെന്നു വിലയിരുത്താവുന്നത് അവരുടെ ഊരുഭാഷയാണ്. രേഖപ്പെടുത്തിവയ്ക്കാൻ അവസരമില്ലാത്തതിനാൽ ഊരുഭാഷ മൃതിയടയുന്നു. ഗോത്രഭാഷകൾ രേഖപ്പെടുത്താൻ ആരും മുതിരുന്നില്ല. അതുകൊണ്ടുതന്നെ ഊരുഭാഷ അറിയാത്ത തലമുറ വർധിക്കുന്ന അവസ്ഥയാണ്. ഊരുഭാഷ നഷ്ടമാകുന്നതു തനതുസംസ്കാരം നശിക്കാൻ ഇടയാക്കുന്നുണ്ട്.

സാഹിത്യമെന്നത് ഊരുകൾക്കിപ്പോഴും അന്യമാണ്. മാത്രമല്ല, സാഹിത്യകൃതികളൊന്നും തന്നെ ആദിവാസി ജീവിതത്തെക്കുറിച്ച് പറയുന്നില്ല. ആദിവാസി മേഖലയിൽ നിന്ന് എഴുത്തുകാരുണ്ടാവുന്നില്ല എന്നതു തന്നെ ഇതിനു കാരണം. ഈ അവസ്ഥയ്ക്കു മാറ്റമുണ്ടാകണം. ഊരുകളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കണം. സാഹിത്യക്യാമ്പുകൾ സംഘടിപ്പിക്കണം. വായിക്കാനും എഴുതാനും അവസരമൊരുക്കണം. അതിക്രമങ്ങൾ നേരിടാൻ ആശയം മതി, ആശയം ശക്തമാവാൻ സാഹിത്യം മതി എന്നത് ഊരുനിവാസികൾക്കു ബോധ്യപ്പെടുംവിധമാകണം പ്രവർത്തനങ്ങൾ.



ശ്രീലക്ഷ്മി കൊല്ലം



# 3.11 മതനിരപേക്ഷത

മതനിരപേക്ഷമായ സമൂഹത്തെ കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകതയുമുണ്ട്. ഭരണഘടന സംരക്ഷണത്തിലൂടെയേ ഇക്കാര്യം സാധ്യമാകൂ. ശക്തമായ മതപ്രചാരണം ഊരുകളിൽ നടക്കുന്നുണ്ട്. അതിന്റെ പേരിൽ കൊടിയ ചൂഷണമാണ് ഇവിടങ്ങളിൽ നടക്കുന്നത്. അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുകയാണു മതപ്രചാരണത്തിന്റെ പേരിൽ ചെയ്യുന്നത്. പരമ്പരാഗത കലകൾപോലും നഷ്ടപ്പെടുന്ന അവസ്ഥയുണ്ട്.മതനിരപേക്ഷതയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ക്ഷേമപദ്ധതികൾ കൃത്യമായി എത്തിക്കാൻ കഴിയുന്നോ എന്ന കാര്യത്തിൽ സർക്കാർ ഇടപെടലുണ്ടാകണം.


ആകാശ് പാലക്കാട്



# 3.12 വികസനം

ആദിവാസി ഊരുകളിൽ വികസനം അന്യം നിന്നുപോകുന്നതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരമുണ്ടാക്കണം. കൃഷിഭൂമി നഷ്ടപ്പെട്ടതു തന്നെയാണ് വികസനത്തിനു വിഘാതമാകുന്ന പ്രധാന കാരണം. ഇതിനു പരിഹാരമുണ്ടാകണം. ഊരുകളിൽ വൈദ്യുതീകരണം നടത്താനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളണം. പഠനത്തിനായി വിദൂരത്തെ ഹോസ്റ്റലുകളെ ആശ്രയിക്കുന്നവരുണ്ട്. ഇവയിൽ ചില ഹോസ്റ്റലുകൾ ഫീസ് ഈടാക്കുന്നതുകാരണം അവയുപേക്ഷിച്ചു വീടുകളിലേക്കു മടങ്ങുന്നവരുണ്ട്. ഇവർക്കു വീട്ടിൽനിന്ന് സ്കൂളിൽ പോകേണ്ടി വരുന്നു. എന്നാൽ ഇവർക്കു ദിവസവും ഏറെ ദൂരം സഞ്ചരിച്ചു സ്കൂളുകളിൽ പോകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതുപോലെ രോഗികൾക്ക് ആശുപത്രിയിൽ പോകാനും ഗതാഗതസൗകര്യമില്ല. ഭൂമി ഫോറസ്റ്റ് വിഭാഗം കൈവശമാക്കുന്നതും കുടിവെള്ളത്തിന്റെ ലഭ്യതക്കുറവും വികസനത്തെ പിന്നോട്ടടിക്കുന്നു. ഗതാഗത സൗകര്യവും വൈദ്യുതീകരണവും നടപ്പാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നു നടപടികൾ കൈക്കൊള്ളണം. തെരുവുവിളക്കുകൾ സ്ഥാപിക്കണം. ഭൂമിക്കു ചുറ്റുമതിൽ കെട്ടാൻ നടപടി സ്വീകരിക്കണം. ഊരുകളിൽ ലൈബ്രറി അനുവദിക്കാനും ആദിവാസികൾക്ക് തിരിച്ചറിയൽ കാർഡ് (ജാതി സർട്ടിഫിക്കറ്റ്) നൽകാനും അധികൃതർ ശ്രദ്ധിക്കണം. ■



രാജഗോപാൽ, കണ്ണൂർ



# 3.13 വീട്

അടച്ചുറപ്പില്ലാത്ത വീടുകൾ ആദിവാസി ഊരുകളിലെ പ്രധാന പ്രശ്നങ്ങളിലൊന്നാണ്. കാട്ടിലെ അസംസ്കൃതവസ്തുക്കൾ വീടുനിർമാണത്തിന് കിട്ടാത്ത അവസ്ഥയാണുള്ളത്. മാത്രമല്ല, കാലാവസ്ഥയ്ക്കനുകൂലമല്ല ഇപ്പോൾ ഇവിടത്തെ വീടുകൾ. പണിതീരാത്ത അവസ്ഥയിൽ നിരവധി വീടുകളുണ്ട്. ഇതിനു പുറമെയാണു കോൺട്രാക്ടർമാരുടെ ചൂഷണവും. വീടുനിർമാണത്തിനായി സർക്കാർ നൽകുന്ന തുക മൂന്നരലക്ഷത്തിൽനിന്ന് വർധിപ്പിക്കുകയും വീടുനിർമാണത്തിൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.



ജിജി, തൃശൂർ



# 3.14 ഭക്ഷണം

പോഷകാഹാരത്തിന്റെ അപര്യാപ്തത പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഇതിനു പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. അങ്കണവാടികളിൽനിന്ന് കുരുന്നുകൾക്കു പോഷകാഹാരം നൽകണം. ഗർഭിണികൾക്ക് അങ്കണവാടി വഴി വിതരണം ചെയ്യുന്ന പോഷകാഹാരങ്ങൾ അവർക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ആരോഗ്യപ്രവർത്തകർ ശ്രമം നടത്തണം. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ പരിഗണന ഇക്കാര്യത്തിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ആരും തുണയില്ലാതെ ഒറ്റപ്പെട്ടു കഴിയുന്നവർക്കു ഭക്ഷണം എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം.



രവീണ.കെ.ആർ, ഇടുക്കി



# 3.15 വ്യവസായം

പ്രദേശത്തിന്റെ വികസനത്തിനു പുതിയ വ്യവസായ സംരംഭങ്ങൾ വരേണ്ടത് അത്യാവശ്യമാണ്. മൺപാത്രനിർമാണം തുടങ്ങിയ ചെറുകിട വ്യവസായമാണിപ്പോൾ ഈ മേഖലകളിലുള്ളത്. തൊഴിലവസരങ്ങളും വളരെ കുറവാണ്. വിപണിയുടെ ലഭ്യതയിലെ കുറവും വിപണനസൗകര്യത്തിന്റെ അപര്യാപ്തതയും പരിശീലനത്തിന്റെ കുറവും പ്രതികൂല ഘടകങ്ങളാണ്.

വിപണി വർധിപ്പിക്കുകയും തൊഴിലിൽ പരിശീലനം നൽകി വൈദഗ്ധ്യമുള്ളവരെ സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്. ഉൽപ്പന്നങ്ങൾക്കും അവയുടെ വിൽപ്പനയ്ക്കും വേണ്ടി സൊസൈറ്റികൾ രൂപീകരിക്കണം. വ്യവസായ സാധ്യതകൾ മുൻകൂട്ടി ഉറപ്പുവരുത്തണം. തൊഴിൽപരിശീലനം കൃത്യമായി ഏകോപിപ്പിക്കണം. ഊരിൽ തന്നെ ഏജൻസികൾ രൂപീകരിച്ച് വിപണി തുറന്നു നൽകണം. പൊതുഏജൻസികളെ ഏൽപ്പിച്ച് ഊരുനിവാസികളുടെ അവസരം നശിപ്പിക്കാൻ ഇടവരുത്തരുതെന്ന കാര്യവും ശ്രദ്ധിക്കണം. പരമ്പരാഗതമായ വ്യവസായത്തോടൊപ്പം ആധുനികവ്യവസായവും വളരാൻ അവസരമൊരുക്കണം.


സുധ, പാലക്കാട്



# 3.16 ജനാധിപത്യം

ജനാധിപത്യം എന്ന ശക്തിയെക്കുറിച്ച് അവബോധമില്ല എന്നത് ഈ വിഭാഗത്തെ പിന്നോട്ടടിക്കുന്ന ഘടകമാണ്. പട്ടികവർഗത്തിനിടയിൽ ജനാധിപത്യബോധം ഇല്ല എന്നു മാത്രമല്ല, ജനാധിപത്യ അവകാശങ്ങൾ ലഭിക്കുന്നതുമില്ല.

അവസരങ്ങളും ആനുകൂല്യങ്ങളും ഇക്കൂട്ടർക്കു തുല്യമായി ലഭിക്കുന്നില്ല. കടുത്ത അവഗണനയാണ് ഈ ജനവിഭാഗം അനുഭവിക്കുന്നത്. അവസരസമത്വം ഇല്ലാത്തതും ഈ ജനത നേരിടുന്ന പ്രതിസന്ധിയാണ്.



അബുരാജ്, പാലക്കാട്



# 4 ശുപാർശ

- ആദിവാസി സാക്ഷരതാപദ്ധതിയുടെ ഭാഗമായി നടന്ന ആദിവാസി ഇൻസ്ട്രക്ടർമാരുടെ സാമൂഹ്യസാക്ഷരതാപരിശീലനത്തിൽ ഉയർന്നുവന്ന ചർച്ചയുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാരിന്റെ വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചു കൊണ്ടുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച നടപ്പാക്കുന്നത് ഉചിതമായിരിക്കും.

- സാക്ഷരതാ-തുടർവിദ്യാഭ്യാസപദ്ധതി എല്ലാ ആദിവാസി ഊരുകളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്.

- ഹയർസെക്കൻഡറി തുല്യതവരെയുള്ള തുടർവിദ്യാഭ്യാസം എല്ലാ ആദിവാസി ഊരുകളിലും ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പട്ടികവർഗ്ഗവികസനവകുപ്പിന്റെയും സാമ്പത്തികം വകയിരുത്തുന്നത് ഉൾപ്പെടെയുള്ള പിന്തുണ ഉറപ്പുവരുത്തേണ്ടതാണ്.

- എല്ലാ ഊരിലും പത്രം- ആനുകാലികങ്ങൾ (കുറഞ്ഞത് രണ്ടു പത്രങ്ങളും രണ്ട് ആനുകാലികങ്ങളും) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്നത് ഗുണകരമായിരിക്കും.

- എല്ലാ ഊരുകളിലും ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ആദിവാസി പ്രേരക്മാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ലൈബ്രറികൾ ആരംഭിക്കാവുന്നതാണ്.

- ബോധവൽക്കരണപ്രവർത്തനങ്ങൾ സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. ബോധവൽക്കരണം ആവശ്യമുള്ള മേഖലകളിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഡിജിറ്റൽ പഠനസഹായികൾ ഉൾപ്പെടെ തയാറാക്കിക്കൊണ്ട് ഈ പ്രവർത്തനം കാര്യക്ഷമമാക്കാവുന്നതാണ്.

- ഊരുകൾ കേന്ദ്രീകരിച്ച് സാഹിത്യഅക്കാദമി, ലളിതകലാ അക്കാദമി, ചലച്ചിത്ര അക്കാദമി, സംഗീതനാടകഅക്കാദമി തുടങ്ങിയവയുടെ ക്യാമ്പുകളും പരിശീലനങ്ങളും സംഘടിപ്പിക്കണം.

- ആധുനികവ്യവസായങ്ങൾ ആദിവാസിമേഖലയിൽ ആരംഭിക്കുകയും അവിടെ ആദിവാസി വിഭാഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുകയും വേണം.
- കൃഷി ചെയ്യാനുള്ള പിന്തുണ നൽകണം.
- കൃഷിയിൽ നിന്നും ചെറുകിടവ്യവസായങ്ങളിൽ നിന്നുമുള്ള ഉൽപ്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കണം. അവ ശേഖരിക്കുന്ന സൊസൈറ്റികൾ രൂപീകരിക്കണം.
- പൊതുവിദ്യാഭ്യാസവകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ്, പട്ടികവർഗ്ഗവികസനവകുപ്പ് എന്നിവയുടെ സംയുക്തസംരംഭമായി ഊരുകളിൽ സ്ഥിരമായ അനൗപചാരിക വിദ്യാഭ്യാസസൗകര്യം ഒരുക്കേണ്ടതാണ്.
- ഗോത്രസാരഥി പദ്ധതി പ്ലസ്ടു വരെ വ്യാപിപ്പിക്കണം. വിദ്യാഭ്യാസകൗൺസിലിംഗ് നടത്തണം.
- ഉന്നതവിദ്യാഭ്യാസകോഴ്സുകൾ പരിചയപ്പെടുത്തുന്നതിനും ഇത്തരം കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിനും ആവശ്യമായ പരിശീലനം നല്കുന്നതിന് പദ്ധതികൾ നടപ്പാക്കണം.
- മത്സരപരീക്ഷകൾക്ക് തയ്യാറാകുന്നതിന് പരിശീലനപരിപാടികൾ സംഘടിപ്പിക്കണം.
- ആദിവാസി വിഭാഗങ്ങൾക്ക് വിദ്യാഭ്യാസയോഗ്യതക്ക് ആനുസൃതമായ തൊഴിൽലഭ്യത ഉറപ്പ് വരുത്തണം. സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവിധ പ്രോജക്ട് ഉൾപ്പെടെയുള്ള സംരംഭങ്ങളിൽ ആദിവാസി വിഭാഗങ്ങളിലെ വിദ്യാസമ്പന്നർക്ക് തൊഴിൽലഭ്യത ഉറപ്പാക്കണം.
- സർക്കാർ ആദിവാസിവിഭാഗങ്ങൾക്കായി നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും നിയമപരിരക്ഷയെകുറിച്ചും ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കണം.